# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് -2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 45,000/- (നാല്പത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ ചെലവിനും 2010-11, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 89,688/- (എൺപത്തി ഒമ്പതിനായിരത്തി അറുന്നൂറ്റി എൺപത്തി എട്ട് രൂപ മാത്രം) രൂപയുടെ ചെലവിനും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം.1184/2019/തസ്വഭവ. തിരുവനന്തപുരം, തീയതി. 10.06.2019

പരാമർശം:- 1) ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.06.2016 ലെ A4-953/16 നമ്പർ കത്തുകൾ.

2) പഞ്ചായത്ത് ഡയറക്ടറുടെ 4.08.2016 ലെ എം3-22433/16 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 01.03.2017 ലെ KSA 9676/P.T.2/2016 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം 45,000/- (നാല്പത്തി അയ്യായിരം രൂപ മാത്രം) രൂപയുടെയും 2010-11, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം 89,688/- (എൺപത്തി ഒമ്പതിനായിരത്തി അറുന്നൂറ്റി എൺപത്തി എട്ട് രൂപ മാത്രം) രൂപയുടെയും ചെലവുകൾ തടസ്സപ്പെടുത്തിയിരുന്നു. മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അംഗൻവാടിയ്ക്ക് മഴവെള്ള സംഭരണി നിർമ്മിച്ച ഇനത്തിൽ ചെലവഴിച്ച 45,000/- രൂപ ഖണ്ഡിക 3.7 പ്രകാരവും അധിക ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്കെടുത്ത് ഓടിയ വകയിൽ ചെലവഴിച്ച 89,688/- രൂപ ഖണ്ഡിക 3.9 പ്രകാരവും ആയിരുന്നു ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നത്. ടി തടസ്സപ്പെടുത്തലുകൾ സാധൂകരിച്ച് നല്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകുകയുണ്ടായി. തുടർന്ന് 31.05.2016 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ V(9), V(10) എന്നീ നമ്പറിലുള്ള സാധൂകരണത്തിന് അനുകൂലമായ ശിപാർശകളും ഇടുക്കി ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 23.06.2015 ലെ 2(18) നമ്പർ അനുകൂല ശിപാർശയും ഉൾപ്പെടെ ഉചിതമാർഗ്ഗേന ലഭിച്ച സാധൂകരണ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരിക്കുകയും ചെയ്തു.

2. സാധൂകരണത്തിനായി ലഭിച്ച അപേക്ഷയിൻമേൽ സർക്കാർ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം ആരായുകയും പരാമർശം (3) പ്രകാരം ഓഡിറ്റ് ഡയറക്ടർ ആയതിന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ടി മറുപടിയിൽ, ഖണ്ഡിക 3.7 ലെ ഓഡിറ്റ് തടസ്സപ്പെടുത്തലിനെ സംബന്ധിച്ച്, പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളാണ് അംഗനവാടികൾ എന്നതിനാലും അംഗനവാടികൾ സ്ഥിതിചെയ്യുന്ന പ്രദേശത്തെ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് മറ്റു മാർഗ്ഗങ്ങളില്ലാത്തതിനാലാണ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പദ്ധതി നടപ്പിലാക്കിയതെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 31.05.2016 ലെ V(10)-ാം നമ്പർ തീരുമാനം പരിഗണിച്ചും പരാമർശ ചെലവിന് സർക്കാരിന് സാധൂകരണം നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ തീരുമാനമെടുക്കാവുന്നതാണെന്നും, ഖണ്ഡിക 3-9 ലെ ഓഡിറ്റ് തടസ്സപ്പെടുത്തലിനെ സംബന്ധിച്ച്, പദ്ധതി നിർവ്വഹണ ചെലവ്, തെരഞ്ഞെടുപ്പ് ചെലവ് എന്നിവ ഒഴിവാക്കുമ്പോൾ പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുക സർക്കാർ അനുമതിയുടെ പരിധിയിലാണെന്ന പഞ്ചായത്തിന്റെ മറുപടി, പഞ്ചായത്ത് കമ്മിറ്റിയുടെ 31.05.2016 ലെ V(9)--ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ച് പ്രസ്തുത ചെലവിന് സർക്കാരിന് സാധൂകരണം

നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ തീരുമാനിക്കാവുന്നതാണെന്നും ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചു. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളാണ് അംഗനവാടികൾ എന്നതിനാലും അംഗനവാടികൾ സ്ഥിതിചെയ്യുന്ന പ്രദേശത്തെ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് മറ്റു മാർഗ്ഗങ്ങളില്ലാത്തതിനാലാണ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പദ്ധതി നടപ്പിലാക്കിയതെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 31.05.2016 ലെ V(10)-ാം നമ്പർ തീരുമാനം പരിഗണിച്ച് ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.7 പ്രകാരം തടസ്സപ്പെടുത്തിയ 45,000/- (നാല്പത്തി അയ്യായിരം രൂപ മാത്രം) രൂപയും, പദ്ധതി നിർവ്വഹണ ചെലവ്, തെരഞ്ഞെടുപ്പ് ചെലവ് എന്നിവ ഒഴിവാക്കുമ്പോൾ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക സർക്കാർ അനുമതിയുടെ പരിധിയിലാണെന്ന പഞ്ചായത്തിന്റെ മറുപടി, പഞ്ചായത്ത് കമ്മിറ്റിയുടെ 31.05.2016 ലെ V(9) നമ്പർ തീരുമാനം എന്നിവ പരിഗണിച്ച് 2010-11, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം തടസ്സപ്പെടുത്തിയ 89,688/- (എൺപത്തി ഒമ്പതിനായിരത്തി അറുന്നൂറ്റി എൺപത്തി എട്ട് രൂപ മാത്രം) രൂപയും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

വി.എസ്.സന്തോഷ്
അണ്ടർ സെക്രട്ടറി

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ